പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3040

20.12.2012- ൽ
മറുപടിക്ക്

# കയർ വ്യവസായ വികസനം

| ചോദ്യം<br><br>ശ്രീ.വി.ശശി | ഉത്തരം<br><br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ)കയർ വ്യവസായ വികസന പദ്ധതി അടിസ്ഥാനമാക്കിയല്ലാതെ സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിലെ പ്രത്യേകതകൾ കണക്കിലെടുത്ത് പ്രോജക്ട് അടിസ്ഥാനത്തിൽ കയർ വ്യവസായ വികസനം നടപ്പാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള വിശദമായ ഒരു പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; | (എ) കയർ വികസനം - ഒരു പുതിയ സമീപനം എന്നതു സംബന്ധിച്ച് ശ്രീ. വി. ശശി, എം.എൽ.എ നൽകിയിരുന്ന പ്രൊപ്പോസൽ പ്ലാനിംഗ് ബോർഡിൽ നിന്നും ലഭിച്ചിരുന്നു. |
| (ബി) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി)കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ വ്യത്യസ്തമായ കയറും, കയറുല്പന്നങ്ങളും ഉല്പാദിപ്പിക്കപ്പെടുകയും, വ്യത്യസ്ത ഭൗതിക സാഹചര്യങ്ങൾ നിലനിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രോജക്ട് തലത്തിൽ പദ്ധതികൾ തയ്യാറാക്കി അവ നടപ്പാക്കുന്നതിന് നേതൃത്വം നൽകാൻ കയർ വ്യവസായ വികസന വകുപ്പിനെ സജ്ജമാക്കുന്ന നയം അവലംബിക്കണമെന്നാണ് പ്രൊപ്പോസലിലുള്ളത്. 22.02.2012-ൽ നടന്ന പ്രോക്ട് ഓഫീസർമാരുടെയും കയർ ഇൻസ്പെക്ടർമാരുടെയും യോഗത്തിൽ ഈ വിഷയം പ്രത്യേകമായി ചർച്ച ചെയ്യുകയും പ്രൊപ്പോസലിന്റെ പകർപ്പ് എല്ലാ കയർ പ്രോജക്ട് ഓഫീസർമാർക്കും അവരുടെ അഭിപ്രായവും ശുപാർശയും അറിയിക്കുന്നതിനു വേണ്ടി നൽകിയിട്ടുമുണ്ട്. കയർ പിരി മാത്രമല്ലാതെ ഒരു സംയോജിത രീതിയിലുള്ള നിർമ്മാണത്തിലൂടെ തൊഴിൽ നിലനിർത്താനാകും എന്ന കാഴ്ചപ്പാടിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ